**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6046** **09-07-2024 - ൽ മറുപടിയ്ക്ക്**

**കോംട്രസ്റ്റ് ഫാക്ടറി തൊഴിലാളികളുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മാനാഞ്ചിറയിലെ കോംട്രസ്റ്റ് ഫാക്ടറിയുടെ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | കേരള നിയമ നിർമ്മാണ സഭ കോമൺ വെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും, കൈമാറ്റം ചെയ്യലും) ആക്ട് 2012, (2018 –ലെ 1 -ാമത്തെ ആക്ട്) എന്ന പേരിൽ ഒരു നിയമം പാസ്സാക്കുകയും, 2018 ഫെബ്രുവരി 1-ാം തീയതി ബഹുമാനപ്പെട്ട ഇന്ത്യൻ രാഷ്ട്രപതി ഈ ആക്ട് അംഗീകരിക്കുകയുമുണ്ടായി. ഈ നിയമം, 2018 ഫെബ്രുവരി 19-ാം തീയതിയിലെ കേരള ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയുമുണ്ടായി.<br><br>കോമൺ വെൽത്ത് ട്രസ്റ്റ് ഇന്ത്യ ലിമിറ്റഡിന്റെ കീഴിലുള്ള കോംട്രസ്റ്റ് (COMTRUST) ഹാൻഡ് ലൂം വീവിങ്ങ് ഫാക്ടറിയെ പുനസംഘടിപ്പിക്കുന്നതിനും, പുനരധിവാസ പ്രവർത്തനങ്ങൾക്കും വേണ്ടിയും ഈ സ്ഥാപനത്തെ ഒരു വ്യവസായ മ്യൂസിയവും, ഉത്പാദന കേന്ദ്രവുമാക്കി, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ (കെ.എസ്.ഐ.ഡി.സി) കീഴിൽ നിർത്തുന്നതിനും വേണ്ടിയുള്ളതായിരുന്നു ഈ നിയമം.<br><br>പ്രസ്തുത നിയമത്തിലെ ഷെഡ്യൂൾ-3 ൽ പ്രതിപാദിച്ചിട്ടുള്ള വസ്തുവകകൾ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന് കൈമാറി ലഭിക്കേണ്ടതുണ്ട്. കോംട്രസ്റ്റിന്റെ പക്കൽ നിലനിന്നിരുന്ന നിയമത്തിൽ പ്രതിപാദിച്ചിട്ടുള്ള 3.84 ഏക്കർ ഭൂമി ഇത്തരത്തിൽ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന് കൈമാറി ലഭിക്കേണ്ടതുണ്ട്.<br><br>കോമൺവെൽത്ത് ട്രസ്റ്റ് ആക്ട് പ്രാബല്യത്തിൽ വരുന്നതിനെതിരെ, ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന മൂന്നു റിട്ട് ഹർജികളിന്മേൽ ഹൈക്കോടതിയുടെ ഇടക്കാല സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാൽ, പ്രസ്തുത ആക്ടുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട തുടർനടപടികൾ കൈക്കൊള്ളുവാൻ ഗവൺമെന്റിനു സാധിച്ചിട്ടില്ല.<br><br>25/07/2014 തീയതിയിലെ G.O(Rt). No 828/2014/ID നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കോംടസ്റ്റിന്റെ ശമ്പള പട്ടികയിലുള്ള (PAYROLL) തൊഴിലാളികൾക്ക് 5000 രൂപ ധനസഹായം നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവ് പ്രകാരം ജൂലൈ 2014 മുതൽ കോംടസ്റ്റിന്റെ ശമ്പള പട്ടികയിലുള്ള (PAYROLL) വിരമിക്കൽ പ്രായം കഴിയാത്ത തൊഴിലാളികൾക്ക് 5000/- രൂപ വീതം ധനസഹായം കെ.എസ്.ഐ.ഡി.സി നല്കിവരുന്നുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന തൊഴിലാളികളുടെ പുനരധിവാസത്തിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (ബി) | മേൽ (എ) പിരിവിനുള്ള മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ